# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2013 ഫെബ്രുവരി 8, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

10 (*91 & *120) ഉന്നത വിദ്യാഭ്യാസ മേഖലയിലെ നിലവാരത്തകർച്ച

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദുറബ്ബ്) നൽകിയ മറുപടിയിൽ, ഉന്നതവിദ്യാഭ്യാസ മേഖലയെ ബാധിച്ചിട്ടുള്ള നിലവാരത്തകർച്ചയ്ക്ക് പരിഹാരം കാണുന്നതിന് കാലാകാലങ്ങളിൽ വിവിധ സർക്കാരുകൾ സ്വീകരിച്ച നടപടികൾ പരിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച പ്രത്യേക ഉപസമിതികളുടെ റിപ്പോർട്ടുകൾ പരിഗണനയിലാണെന്ന് സഭയെ അറിയിച്ചു. ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുന്നതിന് അടിസ്ഥാന സൗകര്യം, ഗവേഷണം, അദ്ധ്യാപനം, വ്യവസായ സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും തമ്മിലുള്ള ബന്ധം, സ്വയംഭരണ കോളേജുകളുടെയും സർവ്വകലാശാലകളുടെയും നടത്തിപ്പ്, അഫിലിയേഷൻ സമ്പ്രദായം, അദ്ധ്യാപകേതര ജീവനക്കാരുടെ തൊഴിൽ സാഹചര്യങ്ങൾ, അക്കാദമിക് സ്വാതന്ത്ര്യം, സർക്കാരും മാനേജുമെന്റും തമ്മിലുള്ള ബന്ധം., അസ്സസ്മെന്റ്-അക്രഡിറ്റേഷൻ

സംവിധാനം, സാങ്കേതിക വിദ്യകളുടെ ഉപയോഗം എന്നിവയിൽ കാലാനുസൃതവും ഗുണനിലവാരം ഉയർത്തുന്നതുമായ സമഗ്ര പരിഷ്കരണം ആവശ്യമാണ്. ഇക്കാര്യത്തിൽ സർവ്വകലാശാലകളുടെ സിൻഡിക്കേറ്റ്/അക്കാഡമിക് കൗൺസിലുകളുടെ തീരുമാനങ്ങളും നടപ്പിലാക്കിവരുന്നു. ഉന്നത വിദ്യാഭ്യാസം പൂർത്തിയാക്കുന്നവരുടെ ജില്ലാതല ദേശീയ ശരാശരിയേക്കാൾ കുറഞ്ഞ നിലവാരം പുലർത്തുന്ന കാസർഗോഡ്, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിൽ കേന്ദ്ര സർക്കാർ നിർദ്ദേശമനുസരിച്ച് മാതൃകാ ബിരുദ കോളേജുകൾ ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ യു.ജി.സി-ക്ക് സമർപ്പിച്ചിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഒരു മാതൃകാ കോളേജ് സ്ഥാപിക്കുന്നതിന് ഏകദേശം 8 കോടി രൂപ ആവർത്തനരഹിത ചെലവായും, 1.5 കോടി രൂപ ആവർത്തന ചെലവായും വേണ്ടിവരുമ്പോൾ കേന്ദ്രസർക്കാർ യു.ജി.സി. വഴി നൽകുന്ന ധനസഹായം കേവലം ആവർത്തനരഹിത ചെലവിന്റെ മൂന്നിലൊന്നായി നിജപ്പെടുത്തിയിരിക്കുന്നു. ഇത്രയും കുറഞ്ഞ കേന്ദ്രവിഹിതത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ഭീമമായ സാമ്പത്തിക ബാദ്ധ്യത ഏറ്റെടുക്കാനാവില്ലെങ്കിലും 12-ാം പഞ്ചവത്സര പദ്ധതിയിൽ കൂടുതൽ തുക ലഭിക്കുകയാണെങ്കിൽ പദ്ധതി പുനരുജ്ജീവിപ്പിക്കാൻ സാധിക്കും. ഐ.എച്ച്.ആർ.ഡി. സ്വന്തം നിലയിൽ 2008-ൽ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്തും, 2010-ൽ വയനാട് ജില്ലയിലെ മീനങ്ങാടി, കാസർഗോഡ് ജില്ലയിലെ നീലേശ്വരം എന്നിവിടങ്ങളിലും അപ്ലൈഡ് സയൻസ് കോളേജുകൾ സ്ഥാപിച്ചിട്ടുണ്ട്. അവ കേന്ദ്ര സർക്കാരിന്റെ മോഡൽ ഡിഗ്രി കോളേജ് സ്കീമിൽപ്പെടുത്താൻ 2010-ൽ തന്നെ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഉന്നത നിലവാരം പുലർത്തുന്ന കോളേജുകൾക്ക് ഓട്ടോണമി കൊടുക്കുന്ന കാര്യം പരിഗണന

യിലുണ്ട്. 'നാക്' മാതൃകയിൽ കോളേജുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് സ്റ്റേറ്റ് അക്രെഡിറ്റേഷൻ കൗൺസിൽ രൂപീകരിക്കുന്നതാണ്. എഞ്ചിനീയറിംഗ്/മെഡിക്കൽ/നഴ്സിംഗ് കോളേജുകളുടെ നിലവാരത്തകർച്ചയുമായി ബന്ധപ്പെട്ട ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 25 ശതമാനത്തിൽ താഴെ വിജയശതമാനമുള്ള കോളേജുകൾക്ക് പുതിയ കോഴ്സുകൾ അനുവദിക്കുന്നതിനും പ്രവേശനം നടത്തുന്നതിനും അനുമതി നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുണ്ട്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ക്വാളിഫൈഡ് ഫാക്കൽറ്റീസിന്റെ കുറവ് മനസ്സിലാക്കി ഗവൺമെന്റ്/എയ്ഡഡ്/സ്വാശ്രയ മേഖലകളിൽ എം.ടെക് കോഴ്സുകൾ അനുവദിച്ചു. കോഴിക്കോടും, പാലക്കാടും ഐ.എ.എസ്. അക്കാദമിയുടെ ബ്രാഞ്ചുകളും മലപ്പുറത്ത് ഇംഗ്ലീഷ് ആന്റ് ഫോറിൻ ലാംഗ്വേജ് യൂണിവേഴ്സിറ്റിയുടെ (ഇഫ്ളു) കാമ്പസിന്റെ നിർമ്മാണ പ്രവർത്തനങ്ങളും ആരംഭിക്കുന്നതാണ്. തലശ്ശേരി നിയോജകമണ്ഡലത്തിൽ കോളേജ് ആരംഭിക്കുന്നതിനെക്കുറിച്ച് പരിഗണിക്കുന്നതാണെന്നും അൺഎയ്ഡഡ് മേഖലയിലെ അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥയിലെ അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

11 (*92 & *102) <u>സബ്സിഡി നിരക്കിലുള്ള പാചക വാതക സിലിണ്ടറുകൾ</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്) നൽകിയ മറുപടിയിൽ, ഗാർഹിക ഉപഭോക്താക്കൾക്ക് 14-09-2012 മുതൽ 31-03-2013 വരെ 3 മുതൽ 5 പാചകവാതക സിലിണ്ടറുകളും 01-04-2013 മുതൽ വർഷത്തിൽ

6 മുതൽ 9 പാചകവാതക സിലിണ്ടറുകളുമാണ് സബ്സിഡി നിരക്കിൽ നൽകുന്നതെന്ന് സഭയെ അറിയിച്ചു. കേന്ദ്ര സർക്കാർ ഗാർഹിക ഉപഭോക്താക്കൾക്കുളള സബ്സിഡിയോടുകൂടിയ പാചകവാതക സിലിണ്ടറുകളുടെ എണ്ണം 6 ആയി നിജപ്പെടുത്തിയപ്പോൾ ഒരു വർഷത്തിൽ 9 സിലിണ്ടറുകളിൽ കൂടുതൽ പാടില്ലെന്ന വ്യവസ്ഥയ്ക്ക് വിധേയമായി ഒരു വീട്ടിൽ ഒരു കണക്ഷൻ മാത്രം നിലനിറുത്തിക്കൊണ്ട് കഴിഞ്ഞ വർഷം വാങ്ങിയ അത്രയും സിലിണ്ടറുകൾ സബ്സിഡി നിരക്കിൽ ലഭിക്കുവാൻ സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് അർഹതയുണ്ടായിരിക്കുമെന്ന് 27-10-2012-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും കേന്ദ്ര ഗവൺമെന്റ് സബ്സിഡി സിലിണ്ടറുകളുടെ എണ്ണം 6-ൽ നിന്ന് 9 ആക്കി വർദ്ധിപ്പിച്ച സാഹചര്യത്തിൽ പാചകവാതക സിലിണ്ടറിന് സബ്സിഡി നൽകേണ്ടതുണ്ടെന്ന് സംസ്ഥാന ഗവൺമെന്റ് കരുതുന്നില്ല. സംസ്ഥാനത്തെ 96.59% കുടുംബങ്ങളും വർഷത്തിൽ 10 സിലിണ്ടറുകളിൽ താഴെയാണ് ഉപയോഗിക്കുന്നത് എന്നതിനാൽ മുൻവർഷം സബ്സിഡി നിരക്കിൽ പത്തോ അതിൽ കൂടുതലോ സിലിണ്ടറുകൾ ഉപയോഗിച്ചുകൊണ്ടിരുന്ന ഉപഭോക്താക്കൾക്ക് സിലിണ്ടറുകളുടെ എണ്ണത്തിൽ കുറവുവരും. നിലവിൽ കേരളത്തിൽ 73,24,899 ഉപഭോക്താക്കളും 1,51,714 പുതിയ അപേക്ഷകരുമുണ്ടെന്നാണ് എണ്ണക്കമ്പനികളുടെ സ്റ്റേറ്റ് ലെവൽ കോ-ഓർഡിനേറ്റർ അറിയിച്ചിട്ടുള്ളത്. ഗ്യാസ് സിലിണ്ടറുകൾക്ക് കൃത്യമായ രസീത് നൽകാത്ത ഏജൻസിക്കെതിരെ പരാതി ലഭിച്ചാൽ പ്രസ്തുത ഏജൻസിക്കെതിരെ 2000-ലെ എൽ.പി.ജി. (രജിസ്ട്രേഷൻ & സപ്ലൈ) ഉത്തരവുപ്രകാരം സർക്കാരിനും ഡിസ്ട്രിബ്യൂട്ടർഷിപ്പ്

എഗ്രിമെന്റ് ക്ലോസുകളും മാർക്കറ്റിംഗ് ഡിസിപ്ലിൻ ഗൈഡ്ലൈൻസും പ്രകാരം എണ്ണക്കമ്പനികൾക്കും നടപടികൾ സ്വീകരിക്കാവുന്നതാണ്. ഗവൺമെന്റിന് ലഭിച്ച പരാതികളുടെ അടിസ്ഥാനത്തിൽ റെയ്ഡുകൾ നടത്തി 2262 ഗ്യാസ് സിലിണ്ടറുകൾ പിടിച്ചെടുക്കുകയും 18 ഗ്യാസ് ഏജൻസികൾ ക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തിയതിന്റെ അടിസ്ഥാനത്തിൽ വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷൻസിന് സബ്സിഡി നിരക്കിൽ 9 സിലിണ്ടറുകൾ വരെ ലഭ്യമാക്കാമെന്ന് അറിയിച്ചിട്ടുണ്ട്. സ്കൂളുകളും ആ പട്ടികയിൽപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. ഗ്യാസ് വിതരണത്തിൽ വരുന്ന പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി ജില്ലാ കളക്ടർ ചെയർമാനും ജില്ലാ സൂപ്രണ്ട് ഓഫ് പോലീസ്, ജില്ലാ സപ്ളൈ ഓഫീസർ, ഫയർഫോഴ്സ് ഡിസ്ട്രിക്ട് ഓഫീസർ എന്നിവർ മെമ്പർമാരുമായി ജില്ലാ കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ടെന്നും പൊതുവിതരണവുമായി ബന്ധപ്പെട്ട മോണിട്ടറിംഗ് കമ്മിറ്റികൾ പഞ്ചായത്ത് തലത്തിൽ റേഷനിംഗ് ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ എൽ. പി.ജി. വിതരണവും പരിശോധിക്കുമെന്നും പുതിയ ഗ്യാസ് ഏജൻസികൾ ആരംഭിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

12 (*93) <u>അന്ത്യോദയ, അന്നപൂർണ്ണ പദ്ധതിപ്രകാരം ആനുകൂല്യം</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, അന്ത്യോദയ, അന്നപൂർണ്ണ പദ്ധതിപ്രകാരം ലഭിക്കേണ്ട ആനുകൂല്യം അർഹരായവർക്ക് ലഭിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ബി.പി.എൽ. വിഭാഗ

ത്തിൽപ്പെട്ട സാമൂഹ്യമോ കുടുംബപരമോ ആയി സഹായമില്ലാത്ത വിധവകളോ, വാർദ്ധക്യാധിക്യ രോഗബാധിതരോ, അംഗവൈകല്യമുള്ളവരോ 60 വയസ്സോ അതിന് മുകളിൽ പ്രായമുള്ളവരോ നാഥ/നാഥനായിട്ടുള്ള കുടുംബങ്ങൾ, ഏകയായ സ്ത്രീ/പുരുഷൻ, എല്ലാ പ്രാക്തന (പ്രാചീന) ഗോത്ര വർഗ്ഗ കുടുംബങ്ങൾ; വിട്ടുമാറാത്തതും മാരകവുമായ എയ്ഡ്സ് പോലുള്ള രോഗങ്ങൾക്ക് അടിപ്പെട്ടവർ, ക്യാൻസർ ബാധിച്ച് പാലിയേറ്റീവ് ക്ലിനിക്കുകളിലെ പരിചരണത്തിലുള്ളവർ, നിരന്തര ചികിത്സയ്ക്ക് വിധേയരാകേണ്ടി വരുന്നതുമൂലം നിർദ്ധനരായവർ, പരാശ്രയമില്ലാത്ത വൃദ്ധ ദമ്പതികൾ, കുടുംബനാഥന്റെ ആകസ്മിക മരണംമൂലം അനാഥരാകുന്നവർ, മറ്റാരിൽ നിന്നും യാതൊരു സഹായവും ലഭിക്കാതെ പ്രതികൂല ചുറ്റുപാടിൽ കഴിയുന്നവർ എന്നീ വിഭാഗങ്ങളാണ് അന്ത്യോദയ അന്നയോജന പദ്ധതിയിൽ ഉൾപ്പെടുന്നത്. അന്നപൂർണ്ണ പദ്ധതിയിൽ 65 വയസ്സുകഴിഞ്ഞ ഒരു തരത്തിലുമുള്ള പെൻഷൻ ലഭിക്കാത്ത അഗതികളെയാണ് ഉൾപ്പെടുത്തുന്നത്. അന്നപൂർണ്ണ പദ്ധതിയിൽ പുതിയ ഗുണഭോക്താക്കളെ ലഭിക്കാത്ത സാഹചര്യത്തിൽ പരാമവധി അശരണർക്ക് ആനുകൂല്യം ലഭിക്കാൻ പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിക്കൊണ്ട് വാർദ്ധക്യകാല/വിധവാ പെൻഷൻ പോലെയുള്ള നാമമാത്രമായ പെൻഷൻ ലഭിക്കുന്ന 65 വയസ്സ് കഴിഞ്ഞിട്ടുള്ള വരെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ അന്നപൂർണ്ണ പദ്ധതിയിൽപ്പെട്ട ഗുണഭോക്താക്കൾക്ക് ആനുകൂല്യങ്ങൾ വീട്ടിലെത്തിക്കുന്ന പദ്ധതിയെക്കുറിച്ച് പരിശോധിക്കുന്നതാണ്. വിവിധ പദ്ധതികളിലൂടെ പൊതുവിതരണത്തിന് ലഭ്യമാക്കുന്ന അരി മറിച്ചുവിൽക്കുന്നതും പൊതുമാർക്കറ്റിലെ

പൂഴ്ത്തിവയ്പും തടയുന്നതിന് പോലീസിന്റെ സഹായത്തോടെ കർശനമായ ഇൻസ്പെക്ഷനുകളും റെയ്ഡുകളും നടത്തുന്നുണ്ടെന്നും വകുപ്പിൽ കമ്പ്യൂട്ടർവത്കരണം പൂർത്തിയാകുന്ന മുറയ്ക്ക് പൊതുവിതരണ സംവിധാനം ആധുനികവത്കരിക്കുന്നതാണെന്നും ഉപപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 1072 മുതൽ 1480 വരെയുള്ള ചോദ്യങ്ങളിൽ 96 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം മറുപടി നൽകി)

.